I ഇ.ബി. XIV - കേരള നിയമസഭ /V-5

**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 03, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അറിയിപ്പ്**

ഡോ. എം.കെ. മുനീറിനെ പ്രതിപക്ഷ ഉപനേതാവായി തെരഞ്ഞെടുത്ത വിവരം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**II പ്രമേയം**

ജവാന്മാരുടെ തലയറുത്ത സംഭവം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): "ജമ്മു-കാശ്മീരിൽ നിയന്ത്രണരേഖ

കടന്നെത്തിയ പാക് സൈനികർ രണ്ടു ഇന്ത്യൻ ജവാന്മാരുടെ തലയറുത്ത വാർത്ത രാജ്യം ഞെട്ടലോടെയാണ് കേട്ടത്. കരസേനയുടെ 22 സിഖ് ഇൻഫാൻട്രിയിലെ നായിബ് സുബേദാർ പരംജിത് സിംഗ്, ബി. എസ്. എഫ്. 200-ാം ബറ്റാലിയനിലെ കോൺസ്റ്റബിൾ പ്രേംസാഗർ എന്നിവരാണ് അതിനിഷ്ഠുരമായ ഈ നടപടിക്ക് ഇരയായത്. പാക്കിസ്ഥാൻ സൈന്യത്തിന്റെ മനുഷ്യത്വരഹിതമായ ഈ നടപടിയെ ഈ സഭ ഒന്നടങ്കം ശക്തിയായി അപലപിക്കുന്നു. സൈനികരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ സഭ പങ്കുചേരുന്നു" .

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): അതിർത്തിയിൽ സംഘർഷങ്ങൾ രൂക്ഷമാക്കാനാണ് പാക്കിസ്ഥാൻ ശ്രമിക്കുന്നത്. പാക് സൈനികർ രണ്ട് ഇന്ത്യൻ സൈനികരുടെ തലയറുത്തുമാറ്റുകയും മറ്റൊരു സൈനികനെ പരിക്കേല്പിക്കുകയും ചെയ്ത നടപടി പ്രതിഷേധാർഹവും ഗൗരവമേറിയതുമാണ്. നയതന്ത്ര ബന്ധങ്ങൾ പാലിക്കാതെയും നിയന്ത്രണരേഖ ലംഘിച്ചും നടത്തുന്ന അക്രമപ്രവർത്തനങ്ങൾ അംഗീകരിക്കാനാവില്ല. ഇന്ത്യൻ സൈന്യത്തിനുനേരെയുണ്ടായ പാക് സൈനിക നടപടിയെ ശക്തമായി അപലപിക്കുന്നു. കൊല്ലപ്പെട്ട സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് അവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു.

( പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.)

## III അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: തുടർച്ചയായി സംസ്ഥാനത്തെ പൊതുവിതരണം സ്തംഭിക്കുന്നതുമൂലവും പൊതുവിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതുമൂലവും മാവേലി സ്റ്റോറുകളിൽ അത്യാവശ്യസാധനങ്ങൾ ലഭ്യമല്ലാത്തതിനാൽ വിലക്കയറ്റം അനിയന്ത്രിതമായതിനാലും വാതിൽപ്പടി വിതരണം ഉൾപ്പെടെയുള്ള സപ്ലൈകോയുടെ ടെണ്ടർ നടപടികൾ സ്തംഭിച്ചതുമൂലവും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): പൊതുവിതരണ രംഗത്ത് യാതൊരു വിധത്തിലുള്ള സ്തംഭനാവസ്ഥയും നിലനിൽക്കുന്നില്ല. നവംബർ മാസം മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അരി വിതരണം ആരംഭിക്കുകയും മാർച്ച് മാസം മുതൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം ഫലപ്രദമായി നടപ്പാക്കുകയും ചെയ്തു. മുഴുവൻ ജില്ലകളിലും വാതിൽപ്പടി വിതരണം പൂർണ്ണമാകുന്നതോടുകൂടി ഇടനിലക്കാരെ

ഒഴിവാക്കാനാകും. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയ വിവിധ ഹർജികളിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നിലപാട് ഹൈക്കോടതി അംഗീകരിക്കുകയാണുണ്ടായത്. വാതിൽപ്പടി വിതരണത്തിന് ധാന്യങ്ങൾ എത്തിക്കേണ്ട വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനമൊരുക്കുന്നതിനും റേഷൻ കടകളിൽ ePOS മെഷീനുകൾ സ്ഥാപിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം പതിനാലേകാൽ ലക്ഷം മെട്രിക് ടൺ അരിയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പൊതു വിതരണ സമ്പ്രദായത്തെക്കുറിച്ചും എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനുമായി നിയോഗിച്ച പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി കേരളത്തിന് അർഹമായ അരി വിഹിതം നൽകണമെന്ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും അരി ലഭ്യമാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷന്റേയും സഹകരണ വകുപ്പിന്റേയും ഔട്ട്‌ലെറ്റുകൾ വഴി വിതരണം ചെയ്തതിലൂടെ അരിയുടെ വില നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ ഇടപെടൽമൂലം പഴം- പച്ചക്കറി വില നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സപ്ലൈകോവഴി വിതരണം ചെയ്യുന്ന 13 ഇനം ഉൽപ്പന്നങ്ങളുടെ വിലയിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല. അവശ്യസാധനങ്ങളുടെ വില

നിയന്ത്രിക്കുന്നതിന് ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: കേരളത്തിലെ റേഷൻ മേഖല സ്തംഭിച്ചിരിക്കുന്നതുമൂലവും കേന്ദ്ര ഗവൺമെന്റിൽനിന്നുള്ള ഭക്ഷ്യധാന്യ വിഹിതം കുറഞ്ഞതുകൊണ്ടും അരി വില വർദ്ധിച്ചിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ശക്തമായ ഇടപെടലിനെത്തുടർന്നാണ് അരിക്കടകൾ ആരംഭിക്കാൻ ഗവൺമെന്റ് തയ്യാറായത്. വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടി സ്വീകരിച്ചതിൽവന്ന കാലതാമസമാണ് ഇടനിലക്കാരുടേയും കരിഞ്ചന്തക്കാരുടേയും ചൂഷണത്തിന് ജനങ്ങൾ വിധേയരാകേണ്ടിവന്നത്. അധികബാധ്യത വരുമെന്നതിനാൽ റേഷൻ വ്യാപാരികൾക്ക് ഇൻസെന്റീവ്, ഓണറേറിയം തുടങ്ങിയവ നൽകാമെന്ന സർക്കാരിന്റെ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. റേഷൻ കടകളുടെ എണ്ണം വെട്ടിച്ചുരുക്കാനുള്ള തീരുമാനം ഖേദകരമാണ്. അരിക്കടകൾ തുടങ്ങുന്നതിനാവശ്യമായ തുക സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. പൊതുവിതരണത്തിലൂടെ കൂടുതൽ മണ്ണെണ്ണ ജനങ്ങളിൽ എത്തിക്കാനുള്ള സാഹചര്യമുണ്ടാക്കണം. വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടേഷൻ ടെണ്ടറിലും സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടറിലും ക്രിമിനൽ പശ്ചാത്തലമുള്ളവരും കരിമ്പട്ടികയിലുള്ളവരും ഉൾപ്പെട്ടത് സംബന്ധിച്ച്

അന്വേഷണം നടത്തുന്നതിനും ഉദ്യോഗസ്ഥരും കരിഞ്ചന്തക്കാരും തമ്മിലുള്ള അവിശുദ്ധബന്ധം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): റേഷൻ മേഖലയിലുണ്ടായ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് സർക്കാർ കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സാവകാശം നൽകാതിരിക്കുകയും അഡ്ഹോക് അലോട്ട്മെന്റ് വെട്ടിച്ചുരുക്കുകയും ചെയ്തു. കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പുകാരെയും പ്രോത്സാഹിപ്പിക്കുന്ന നടപടി സർക്കാർ സ്വീകരിക്കില്ല. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഭക്ഷ്യധാന്യം പൂർണ്ണമായും ജനങ്ങളിൽ എത്തിക്കുന്നതിന് സർക്കാർ പരിശ്രമിക്കുന്നതാണ്. റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്ന വരുമാനം കുറവാണെന്നാണ് പഠന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. 350-ൽ താഴെ റേഷൻ കാർഡുള്ള കടകളെ സമന്വയിപ്പിക്കണമെന്ന് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് റേഷൻ കടകളുടെ എണ്ണം വെട്ടിച്ചുരുക്കാൻ

തീരുമാനിച്ചിട്ടില്ല. പാചകത്തിനും വെളിച്ചത്തിനും നൽകുന്ന റേഷൻ മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് വകമാറ്റി നൽകിയതിനാലാണ് കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നതിന് പ്രത്യേക സ്കീം ഏർപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പഞ്ചസാര വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. ട്രാൻസ്പോർട്ടേഷൻ ടെണ്ടറിൽ കോടതി നിർദ്ദേശമനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. അനൂപ് ജേക്കബും സഭവിട്ട് പുറത്തുപോയി.

സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധക്ഷണിക്കൽ

(1) <u>കള്ളുഷാപ്പ് തൊഴിലാളികളുടെ പുനരധിവാസം</u>

<u>ശ്രീ. കെ. ദാസൻ</u>: സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതയോരങ്ങളിൽനിന്ന് 500 മീറ്റർ ദൂരപരിധിയിലുള്ള മദ്യശാലകൾ പൂട്ടുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യേണ്ടതുണ്ട്. ബാറുകൾ പൂട്ടിയതിനെത്തുടർന്ന് കഞ്ചാവും മയക്കുമരുന്നും വ്യാപകമാകുകയും വിനോദസഞ്ചാര മേഖല മന്ദീഭവിക്കുകയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുമുണ്ടായി. ഇന്റലിജൻസ്, എക്സൈസ് വകുപ്പുകൾ വ്യാജമദ്യ ദുരന്തത്തിനുള്ള സാധ്യതയെപ്പറ്റി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും മദ്യം കടത്തിക്കൊണ്ടുവന്ന് വില്പന നടത്താനുള്ള സാധ്യതയുണ്ട്. കള്ളുചെത്ത് വ്യവസായം വളരെയധികം പ്രതിസന്ധി നേരിടുകയാണ്. ടോഡി ബോർഡ് രൂപീകരിച്ചുകൊണ്ട് ഈ വ്യവസായത്തിന്റെ വികസനത്തിനും നവീകരണത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. കള്ളുത്പാദനത്തിനായി അത്യുത്പാദനശേഷിയുള്ള വൃക്ഷത്തൈകൾ തോട്ടം അടിസ്ഥാനത്തിൽ വച്ചുപിടിപ്പിക്കുന്നതിനും കള്ളുഷാപ്പ് നടത്തിപ്പ് തൊഴിലാളി സംഘങ്ങളെ ഏൽപ്പിക്കുന്നതിനും സംസ്ഥാനതലത്തിൽ അപ്പെക്സ് സംഘം രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിച്ചുകൊണ്ട് മിനിമം പെൻഷൻ ആയിരം രൂപയായി നിജപ്പെടുത്തുകയും മിനിമം കൂലി പുതുക്കി നിശ്ചയിക്കുകയും വേണം.

സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൂട്ടിയ ഷാപ്പുകളിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട കാലയളവിലെ വേതനം ലഭ്യമാക്കുന്നതിനും തൊഴിൽ പുന:സ്ഥാപിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതയോരങ്ങളിലെ 1126 കള്ളുഷാപ്പുകൾക്ക് 31-3-2017-ന് ശേഷം പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമായതിനാൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനിടയുണ്ട്. നിയമവിധേയമായ സ്ഥലങ്ങളിലേയ്ക്ക് കള്ളുഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. കള്ളുഷാപ്പുകളുടെ എല്ലുക മാറ്റുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി ചെത്തുതൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് സാധ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഷാപ്പുടമകളുടെയും തൊഴിലാളി സംഘടന കളുടെയും യോഗം വിളിച്ചുചേർക്കുകയും അഭിപ്രായ സമന്വയത്തിലൂടെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## (2) ജില്ലാപാതയായി തരം താഴ്ത്തൽ

ശ്രീ. എം. വിൻസെന്റ്: സ്റ്റേറ്റ്/നാഷണൽ ഹൈവേകളുടെ വശങ്ങളിലുള്ള മദ്യശാലകൾ അടച്ചുപൂട്ടണമെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ കഴക്കൂട്ടം-തമ്പാനൂർ-കളിയിക്കാവിള പാത സംസ്ഥാന പാതയല്ലാതായിരിക്കുകയാണ്. തലസ്ഥാന നഗരിയേയും തമിഴ്നാടിനെയും ബന്ധിപ്പിക്കുന്ന പ്രസ്തുത പാതയെ ജില്ലാപാതയാക്കി മാറ്റുന്നതുമൂലം റോഡിന്റെ വികസനം തടസ്സപ്പെടുന്ന സ്ഥിതിവിശേഷമാണുണ്ടാകുന്നത്. ബാറുടമകളുടെ ഹർജിക്ക് അനുകൂല വിധിയുണ്ടാക്കുന്നതിനുവേണ്ടി പ്രസ്തുത പാത ജില്ലാപാതയാക്കി കോടതിയിൽ അവതരിപ്പിച്ച സംസ്ഥാന സർക്കാരിന്റെ തെറ്റായ നടപടി തിരുത്തുകയും സ്റ്റേറ്റ് ഹൈവേയുടെ സ്റ്റാറ്റസിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2015-ലാണ് മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ, കഴക്കൂട്ടം-തമ്പാനൂർ-കളിയിക്കാവിള പാതയുടെ നോട്ടിഫിക്കേഷൻ ഇറക്കിയത്. മാറിമാറി അധികാരത്തിൽ വന്ന ഗവൺമെന്റുകൾ ഇതിന്മേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പ്രസ്തുത റോഡ് സംസ്ഥാന ഗവൺമെന്റിന്റെ കൈവശമാണ്. പൊതുമരാമത്ത് വകുപ്പിൽനിന്ന് ഇതുസംബന്ധിച്ച് യാതൊരു അഫിഡവിറ്റും

ഹൈക്കോടതിയിൽ നൽകിയിട്ടില്ല. കേരളത്തിലെ സ്റ്റേറ്റ്/നാഷണൽ ഹൈവേകൾ ഡീനോട്ടിഫൈ ചെയ്യേണ്ടതില്ലെന്നാണ് സർക്കാരിന്റെ തീരുമാനം. പ്രസ്തുത റോഡ് പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുന്നമുറയ്ക്ക് ന്യായമായ തീരുമാനമെടുക്കാം.

## V സബ്മിഷൻ

### (1) മൂവാറ്റുപുഴ ആറിന്റെ സംരക്ഷണം

ശ്രീ. അനൂപ് ജേക്കബ്: മൂവാറ്റുപുഴ ആറിനെ മാലിന്യവിമുക്തമാക്കി സംരക്ഷിക്കുന്നതിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മൂവാറ്റുപുഴ ആറിന്റെ മലിനീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് പരാതികൾ ലഭിക്കുകയും നിയമപ്രകാരമല്ലാതെ മലിനജലം പുറന്തള്ളുന്ന സ്ഥാപനങ്ങൾക്ക് ബോർഡിൽനിന്നും നേരിട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ജല-വായു നിയമങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും പഞ്ചായത്തുകൾ അനുമതി നൽകുന്നതിന് മുമ്പായി ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കണമെന്നും അനുമതിയില്ലാത്ത സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ലൈസൻസ് റദ്ദാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നദീ

തടങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന സംസ്ഥാന നദീതട അതോറിറ്റിയും അതിനുകീഴിൽ വിവിധ നദീതട ബോർഡുകളും രൂപീകരിക്കാൻ വിഭാവന ചെയ്യുന്ന 2013-ലെ 'കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ'-ലാപ്സായതിനെത്തുടർന്ന് വീണ്ടും നിയമസഭയിൽ അവതരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത അതോറിറ്റി നിലവിൽ വരികയാണെങ്കിൽ നദീ മലിനീകരണം തടയുന്നതിനുള്ള നിയന്ത്രണങ്ങൾ കൂടുതൽ ശക്തമാക്കാൻ സാധിക്കും. നദികളിലെ നീരൊഴുക്ക്, ജൈവവൈവിധ്യം എന്നിവ നിലനിർത്താനുതകുന്ന തരത്തിൽ നദീതട മാസ്റ്റർ പ്ലാനുകൾക്ക് രൂപംകൊടുക്കാനും സംയോജിത നദീതട പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാനും പ്രസ്തുത അതോറിറ്റിക്ക് കഴിയുമെന്നതിനാൽ പ്രത്യേക അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമുള്ളതായി കരുതുന്നില്ല.

(2) കുടിവെള്ള പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: 'കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി' അടിയന്തരമായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): നാദാപുരം മണ്ഡലത്തിലെ 7 വില്ലേജുകൾക്കുവേണ്ടിയുള്ള പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. പദ്ധതിയുടെ പ്രധാന ഗ്രാവിറ്റി മെയിൻ ഒഴികെ ബാക്കി

പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. കോൺട്രാക്ടർക്ക് കുടിശ്ശിക ബിൽ പാസ്സായി കിട്ടാത്തതിനാൽ നിർത്തിവച്ചിരുന്ന പ്രവൃത്തി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ റോ വാട്ടർ പമ്പ് ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും നിലവിൽ പമ്പ് സെറ്റുകൾ, ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പിംഗ് മെയിനുകൾ എന്നിവയുടെ ട്രയൽ റൺ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയശേഷം പദ്ധതി ഭാഗീകമായി പൂർത്തീകരിച്ച് മേയ് മാസത്തോടെ ജല വിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(3) റോഡ് വികസനം

ശ്രീ. ഹൈബി ഈഡൻ: സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാക്കി തമ്മനം -പുല്ലേപ്പടി റോഡ് വികസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തമ്മനം-പുല്ലേപ്പടി റോഡ് വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് ഏറ്റെടുക്കുന്നതിനുള്ള പ്രമേയം കോർപ്പറേഷൻ പാസ്സാക്കുകയും ആവശ്യമായ ബാക്കി ഭൂമി ലഭിക്കുകയും ചെയ്താൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തമ്മനം -പുല്ലേപ്പടി റോഡ് വികസനം സാധ്യമാകുന്നതാണ്.

## (4) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: തോട്ടം തൊഴിലാളികളുടെ ഭവന പാക്കേജുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ചർച്ചയിൽ തോട്ടം മേഖലയുടെ ഉന്നമനത്തിനായി ഒരു പാക്കേജിന് രൂപം നൽകുന്നതാണെന്ന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. സ്വന്തമായി ഭൂമിയും വീടുമില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സർവ്വേ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. തോട്ടം മേഖലയിലെ പ്രശ്നങ്ങളിൽ നേരിട്ടിടപെട്ട് പരിഹാരം കാണാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## (5) കുന്നത്തറ ടെക്സ്റ്റൈൽസ്

ശ്രീ. പുരുഷൻ കടലുണ്ടി: കോടതി നടപടികളുടെ ഭാഗമായി കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്വത്തുക്കൾ അന്യാധീനപ്പെട്ടുപോകുന്ന സാഹചര്യത്തിൽ വ്യാവസായിക പുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ): 1982-ൽ അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയെങ്കിലും കെട്ടിടവും യന്ത്രങ്ങളും ജീർണ്ണാവസ്ഥയിലായതിനാലും സ്ഥലപരിമിതിമൂലവും വ്യവസായ പാർക്ക് സ്ഥാപിക്കാൻ സാധിക്കില്ലായെന്ന് കിൻഫ്ര അറിയിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുനരുദ്ധാരണത്തിനായി ഇടക്കാല സത്യവാങ്മൂലം സമർപ്പിച്ചിരിക്കുന്നതിനാൽ കോടതിയുടെ ഉത്തരവിന് വിധേയമായി ഇക്കാര്യം പരിഗണിക്കുന്നതാണ്.

(6)ചെല്ലാനം ഫിഷിംഗ് ഹാർബർ

ശ്രീ. കെ. ജെ. മാക്സി: ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 2007-ൽ ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. അടിസ്ഥാന സൗകര്യവികസനത്തിനായി 130.23 ആർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച തർക്കം

പരിഹരിക്കുന്നതിനായി അലൈൻമെന്റിൽ മാറ്റം വരുത്തി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. 31-12-2016-ൽ കാലാവധി പൂർത്തിയായ തിനാൽ പുതുതായി പദ്ധതി അംഗീകരിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിലോ നബാർഡ് സ്കീമിലോ ഉൾപ്പെടുത്തി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്.

## (7) പാഠപുസ്തക വിതരണം

ശ്രീ. എം. ഉമ്മർ: 2017-18 അധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ പാഠപുസ്തക വിതരണം പൂർത്തിയാക്കുന്നതിനും വിതരണത്തിലെ അപാകതകൾ ശാശ്വതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2017-18 അധ്യയന വർഷം ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ പേജ് അടിസ്ഥാനത്തിൽ വാല്യങ്ങളായി അച്ചടിച്ച് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. പാഠപുസ്തകം അച്ചടിക്കുന്നതിന് ടെന്റേറ്റിവ് പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് നൽകുകയും അച്ചടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9,10 ക്ലാസ്സുകളിലേയ്ക്കുള്ള പാഠ പുസ്തകങ്ങൾ ഏപ്രിൽ 20-ന് മുമ്പും 1 മുതൽ 8 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ മേയ് 20-ന് മുമ്പും അച്ചടിച്ച് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ അച്ചടിക്കു ന്നതിനുള്ള പേപ്പർ വാങ്ങുന്നതിന് ആവശ്യമായ തുക മുൻകൂറായി അനുവദിക്കുകയും

ജില്ലാതലത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ച് വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ ജില്ലാതലത്തിൽ പാഠപുസ്തക വിതരണം നടത്തുന്നതിനായി ഇ-മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 11, 12 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 2017-18 അധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(8) ധനസഹായം

ശ്രീ. കെ. വി. വിജയദാസ്: കോങ്ങാട് നിയോജകമണ്ഡലത്തിലെ ഇരുമ്പകച്ചോലയിൽ ആനയുടെ ചവിട്ടേറ്റ് മരണപ്പെട്ട ടോമി ജോസഫിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിനും വന്യമൃഗശല്യം തടയാനായി പ്രസ്തുത പ്രദേശത്ത് വൈദ്യുതവേലി നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): 26-04-2017-ന് മണ്ണാർകാട് താലൂക്കിലെ ഇരുമ്പകച്ചോലയിൽ ടോമി ജോസഫ് എന്നയാൾ കാട്ടാനയുടെ ചവിട്ടേറ്റ് മരണപ്പെടുകയും വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി മൃതദേഹം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുകയും

ചെയ്തിട്ടുണ്ട്. പോസ്റ്റുമോർട്ടത്തിനും മറ്റ് പ്രാഥമിക ചെലവുകൾക്കുമായി 10,000 രൂപ ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് നിയമാനുസൃതം നൽകുന്ന നഷ്ടപരിഹാരം അഞ്ചുലക്ഷം രൂപയാണ്. ടോമി ജോസഫിന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻതന്നെ ബാക്കി തുക നൽകുവാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഭാഗത്തുള്ള വനാതിർത്തിയിൽ വൈദ്യുതവേലി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ വൈദ്യുതവേലി നിർമ്മാണം ആരംഭിക്കുന്നതാണ്. വന്യമൃഗങ്ങൾ കാടിന് പുറത്തേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി early warning, SMS alert system എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

## VI ക്രമപ്രശ്നം

<u>രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച്</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാ എന്നിവ 14 ദിവസത്തെ കാലയളവിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്നാണ് ചട്ടം അനുശാസിക്കുന്നത്. എന്നാൽ പല എസ്.ആർ.ഒ.-കളും സഭയിൽ വരുമ്പോൾ അനന്തമായ കാലതാമസം നേരിടുന്നുണ്ട്. ആയതിനാൽ

കാലതാമസപത്രിക സമർപ്പിക്കാതെ മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകളെ സംബന്ധിച്ച് റൂളിംഗ് നൽകണം.

## റൂളിംഗ്

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ ഉന്നയിച്ച വിഷയം ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 14-07-2015 മുതൽ 25-10-2016 വരെ പ്രസിദ്ധീകരിക്കപ്പെട്ട 8 എസ്.ആർ.ഒ.-കൾ 26-04-2017-നാണ് സഭയിൽ സമർപ്പിക്കപ്പെട്ടത്. പ്രസ്തുത എസ്.ആർ.ഒ.-കളുടെ കാര്യത്തിൽ അവ പുറപ്പെടുവിച്ചതും മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയതും സഭാസമ്മേളന കാലയളവിലാണോ, കാലതാമസ പത്രിക വേണ്ടതാണോ എന്നീ കാര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി കത്തിടപാടുകൾ നടത്തിയിരുന്നു.

ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കാൻ വന്ന കാലതാമസംമൂലമാണ് മേശപ്പുറത്ത് വയ്ക്കാൻ അധികസമയം ആവശ്യമായി വന്നത്. വകുപ്പുകളിൽനിന്നും യഥാസമയം നിയമസഭാ സെക്രട്ടേറിയറ്റിൽ രേഖകൾ ലഭ്യമായിരുന്നുവെങ്കിലും ചില സാങ്കേതിക കാര്യങ്ങളിലുണ്ടായ സംശയങ്ങൾ ദൂരീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് കാലതാമസമുണ്ടായതെന്നും ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും കാണുന്നു.

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ സാങ്കേതിക കാരണങ്ങളുടെ പേരിൽ കാലതാമസം വരുത്തി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന പ്രവണത ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന് ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.

## VII ധനകാര്യം

### 2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ (1076,56,44,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ (140,13,76,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

(വ്യവസായങ്ങൾ എന്ന ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു. വൈദ്യുത പദ്ധതികൾ എന്ന ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. കെ. സുരേഷ് കുറുപ്പ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും ലാഭകരമാക്കാനും അഴിമതിരഹിതമാക്കാനുമുള്ള നടപടികളാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പതിനേഴോളം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. വ്യവസായാന്തരീക്ഷം അനുകൂലമാക്കാനും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ലഘൂകരിക്കാനും നിയമങ്ങൾ ഏകീകരിക്കാനും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്.

കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനും മുടങ്ങിക്കിടന്ന ഗെയിൽ വാതക പൈപ്പ്ലൈൻ പ്രാവർത്തികമാക്കുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനും സാധിച്ചു. പഞ്ചായത്തുകളിലെ തുറസ്സായി കിടക്കുന്ന സ്ഥലങ്ങളിൽ സോളാർ എനർജി ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. അടൂർ പ്രകാശ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്ത്രീകൾക്കെതിരായി അപമാനകരമായ പരാമർശം നടത്തിയ വൈദ്യുതി വകുപ്പുമന്ത്രിയുടെ നിലപാട് സമൂഹത്തിൽ പ്രതിഷേധം സൃഷ്ടിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കിയെന്നും നിക്ഷേപസൗഹൃദ കേന്ദ്രമാക്കി കേരളത്തെ മാറ്റിയെന്നുമുള്ള ഭരണപക്ഷത്തിന്റെ അവകാശവാദം ശരിയല്ല. തകർച്ചയിലായ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. പട്ടുവ്യവസായ പുനഃസംഘടനാ പദ്ധതിക്ക് കേന്ദ്ര സഹായം അനുവദിച്ചെങ്കിലും സംസ്ഥാനവിഹിതം നീക്കിവയ്ക്കാത്തതിനാൽ തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കഞ്ചിക്കോട് വ്യവസായമേഖലയുടെ സ്തംഭനാവസ്ഥയും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ബാലരാമപുരം സ്പിന്നിംഗ് മില്ലിന്റെ പ്രശ്നവും പരിഹരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കയർ മേഖലയിലെ തൊഴിലാളികൾക്ക് മാന്യമായ വേതനം

നൽകാനും മികച്ച പ്രവർത്തനങ്ങളിലൂടെ കയർ കയറ്റുമതിയിൽ വലിയ വർദ്ധനവുണ്ടാക്കാനും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധിച്ചു. ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായസംരംഭങ്ങളും പരമ്പരാഗത വ്യവസായങ്ങളും തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്രമായ വ്യാവസായിക പുരോഗതി ലക്ഷ്യമിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. മുൻ സർക്കാരിന്റെ നിലപാടുമൂലം നഷ്ടത്തിലായ പല പൊതുമേഖലാ സ്ഥാപനങ്ങളും ചുരുങ്ങിയ സമയംകൊണ്ട് ലാഭകരമാക്കാൻ ഈ സർക്കാരിന് സാധിച്ചു. തകർച്ചയിലായ പരമ്പരാഗത വ്യവസായങ്ങളെയും ചെറുകിട വ്യവസായങ്ങളെയും സംരക്ഷിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ ഗ്രാറ്റ്യൂറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും സത്വര നടപടികളാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കാൻ കഴിയുന്ന തരത്തിലുള്ള നയസമീപനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിലക്കയറ്റം തടയുന്നതിനോ, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനോ റേഷൻ ലഭ്യത ഉറപ്പു വരുത്തുന്നതിനോ ഈ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

സംസ്ഥാനത്ത് ക്രമസമാധാനനില തകർന്നിരിക്കുകയാണ്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കിക്കൊണ്ട് വർദ്ധിപ്പിച്ച വൈദ്യുതി ചാർജ് പിൻവലിക്കാൻ തയ്യാറാകണം. വൈദ്യുത നിലയങ്ങളെ സംരക്ഷിച്ച് കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ശ്രമം നടത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭരണാനുമതി നൽകിയ കുറ്റ്യാടി നാളികേര വികസന പാർക്ക് ആരംഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കണം. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് കളിമണ്ണും മണലും ലഭ്യമാക്കി കുലത്തൊഴിൽ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

<u>ശ്രീ. സി. കൃഷ്ണൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി ശ്രദ്ധേയമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. സംഘടിത വ്യവസായങ്ങളും ആധുനിക വ്യവസായങ്ങളും കേരളത്തിൽ വേറെയില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. കണ്ണൂരിലെ ക്ലേ ആന്റ് സിറാമിക്സ് പുനരുദ്ധരിക്കാനുള്ള നടപടി സ്വീകരിക്കണം. പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ സഹായിക്കുന്നതിന് പല പദ്ധതികളും ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിൽ

ഉൾപ്പെടുത്തി ഇതിന് തുക അനുവദിച്ച നടപടി ആശ്വാസം പകരുന്നതാണ്. വ്യവസായ നവീകരണത്തിലൂടെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കണം. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കുകയും ബീഡി വ്യവസായത്തെ സംരക്ഷിക്കുകയും വേണം. പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേക വകുപ്പ് രൂപീകരിച്ചുകൊണ്ട് തൊഴിലും വരുമാനവും ഉറപ്പുവരുത്തണം. പരമ്പരാഗത വ്യവസായം നിലനിൽക്കാൻ സാധിക്കത്തക്കവിധത്തിൽ ഉത്പാദനത്തിൽ വർദ്ധനവുണ്ടാക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയുംവേണം. ചെറുകിട വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്താൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയ നടപടി ശ്ലാഘനീയമാണ്. ജനോപകാരപ്രദമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം. വ്യവസായ സംരംഭകർ വളരെ കുറവുള്ള സംസ്ഥാനത്ത് തൊഴിൽ സുരക്ഷിതത്വമില്ല എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ ടെക്നോപാർക്ക്, ഇൻഫോസിസ്, സ്മാർട്ട്സിറ്റി തുടങ്ങിയ യൂണിറ്റുകളിൽ തൊഴിൽ സുരക്ഷിതത്വമുള്ളതിനാൽ അവ വിജയകരമായി

മുന്നോട്ടുപോകുന്നു. അത്തരത്തിലുള്ള കൂടുതൽ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ശ്രമം നടത്തണം. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കണം. നാളികേര സംഭരണത്തിനും സംസ്കരണത്തിനുമായി ഇന്റഗ്രേറ്റഡ് യൂണിറ്റ് സ്ഥാപിക്കുന്നതിനും ഓരോ മേഖലയിലെയും ഇൻഫ്രാസ്ട്രക്ച്ചർ മെച്ചപ്പെടുത്തുന്നതിനും എൻട്രപ്രണേഴ്സിന് ട്രെയിനിംഗ് നൽകുന്നതിനും ലഭ്യമായ അസംസ്കൃത വസ്തുക്കൾ കൂടുതൽ ഉപയുക്തമാക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. ഫുഡ് പ്രോസസിംഗ് യൂണിറ്റിന് പ്രാധാന്യം നൽകുകയും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ് ചെയ്തുകൊണ്ട് ഓരോ മേഖലയ്ക്കും പ്രത്യേകം പാർക്കുകൾ രൂപീകരിച്ച് പുതിയ സംരംഭകരെ കൊണ്ടുവരുന്നതിനുമുള്ള നടപടി സ്വീകരിക്കണം. മിൽക്ക് പ്രോസസിംഗ് യൂണിറ്റിന് പ്രത്യേകം ഊന്നൽ നൽകണം. വ്യവസായ വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യണം. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതിക്ക് ചാർജ് വർദ്ധിപ്പിച്ച നടപടി പുനഃപരിശോധിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. കുറഞ്ഞ

ചെലവിൽ സൗരോർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഖാദി ഗ്രാമ വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകണം. മലബാർ ഭാഗത്ത് ഐ.ടി. കമ്പനികൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. കളിമൺ വ്യവസായം തകർന്നതിന്റെ ഫലമായി അവിടത്തെ തൊഴിലാളികളെക്കൂടി കണക്കിലെടുത്ത് പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീമതി വീണാ ജോർജ്ജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ ശ്രമഫലമായി നഷ്ടത്തിലായിരുന്ന നിരവധി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചു. വൻകിട-ചെറുകിട സംരംഭകരെ ആകർഷിക്കുന്നതിനുള്ള ശ്രമം നടത്തുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്പിന്നിംഗ് മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ജലക്ഷാമം രൂക്ഷമായിട്ടും ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാതെ കൺസ്യൂമർ ഫ്രെണ്ട്ലി ആയാണ് വകുപ്പ് പ്രവർത്തിക്കുന്നത്. വൈദ്യുതി വകുപ്പിലെ മസ്ദൂർ തസ്തികയിൽ നിയമനം നടത്തിയതിന് നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് തുടക്കം കുറിച്ച പല പദ്ധതികളും ഈ സർക്കാരിന് കമ്മിഷൻ ചെയ്യാൻ

കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. ഭക്ഷ്യസംസ്കരണ രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകണം. ചെറുകിട വ്യവസായ സംരംഭം ആരംഭിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വേഗത്തിൽ ലഭ്യമാക്കണം. വ്യവസായ സ്ഥാപനങ്ങൾക്കെതിരെ ലഭിക്കുന്ന പരാതിയിന്മേൽ അന്വേഷണം നടത്താതെ സ്റ്റോപ് മെമ്മോ നൽകുന്ന നടപടി അവസാനിപ്പിക്കണം. യഥാസമയം വൈദ്യുതി ചാർജ് അടയ്ക്കാത്ത കാരണത്താൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടി ഒഴിവാക്കണം.

ശ്രീ. പി. സി. ജോർജ്: കേരള സർക്കാർ ഇതുവരെ ഒരു വ്യവസായ സ്ഥാപനത്തേയും വളർത്തിയെടുത്തിട്ടില്ല. 'ബ്രഹ്മോസ്' എന്ന സ്ഥാപനത്തിൽ തൊഴിലാളികളെ നിയമിക്കുകയോ പ്രവർത്തനം നടക്കുകയോ ചെയ്യുന്നില്ല. വ്യവസായ സ്ഥാപനങ്ങളുണ്ടാക്കാത്ത സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് കൊടുത്തിരുന്ന സ്ഥലം തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. കെ.എം.എം.എൽ.-ന്റെ പ്രവർത്തനം ലാഭത്തിലാക്കിയ വ്യവസായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു.

ശ്രീ. എൽദോ എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമസ്ത മേഖലകളിലും മുന്നേറ്റമുണ്ടാക്കാൻ പരിശ്രമിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ പാലിക്കാൻ നിരവധി കർമ്മ

പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 95.62% വൈദ്യുതീകരണം പൂർത്തിയാക്കാൻ സാധിച്ചതിലൂടെ കേരളം രാജ്യത്തിനുതന്നെ മാതൃകയാകുകയാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് വെളിച്ചം പകരാൻ സാധിച്ചത് അതുല്യമായ നേട്ടമാണ്. അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കാനും ജനവിരുദ്ധ നയങ്ങൾക്കെതിരെ സന്ധിയില്ലാ പോരാട്ടം നടത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്നവർ സ്വകാര്യ മൂലധനശക്തികൾക്കും കോർപ്പറേറ്റുകൾക്കുമൊപ്പം നിന്നുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ അവ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കാനും വ്യവസായ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാനും സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഫലപ്രദമായ ഇടപെടലുകളിലൂടെ കൈത്തറി മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെ.എം.എം.എൽ.-നെ ലാഭത്തിലാക്കാനും യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ശക്തമായ ഇടപെടലുകൾ നടത്താനും സഹകരണ മേഖലയിൽ 8 സ്പിന്നിംഗ് മില്ലുകൾ തുറക്കാനും സാധിച്ചത് എടുത്തുപറയേണ്ട നേട്ടങ്ങളാണ്. നാട്ടിൽ

ആരോഗ്യപ്രശ്നമുണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് സ്റ്റോപ് മെമ്മോ കൊടുക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അവകാശം പ്രാദേശിക ഗവൺമെന്റുകളിൽ നിലനിർത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. അൻവർ സാദത്ത്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, വൈദ്യുതി ചാർജ്ജ് വർദ്ധനയിലൂടെ ജനങ്ങളിൽ അധികഭാരം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിതനഷ്ടം കുറയ്ക്കാൻ സാധിച്ചതും നികുതിയിനത്തിൽ 1075 കോടി രൂപയോളം സർക്കാരിന് നൽകാൻ കഴിഞ്ഞതും എടുത്തുപറയേണ്ടതാണ്. വ്യവസായങ്ങളെ തകർക്കാൻ ശ്രമിക്കുന്ന കപട പരിസ്ഥിതിവാദികളെ തിരിച്ചറിയണം. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കരിമണൽ ഖനനം നടത്തുന്നതിന് നടപടി സ്വീകരിക്കണം. ക്രിയാത്മക നിർദ്ദേശങ്ങൾ നടപ്പാക്കി വ്യവസായ മേഖലയെ ശക്തിപ്പെടുത്തണം.

ശ്രീ. വി. അബ്ദുറഹിമാൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിന് കാരണം മാനേജ്മെന്റുകൾക്കും തൊഴിലാളികൾക്കും വേണ്ട പിന്തുണയും

പ്രോത്സാഹനവും സർക്കാർ നൽകുന്നതുകൊണ്ടാണ്. പകുതിയിലധികം പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് കൂടുതൽ വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. പരമ്പരാഗത-ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കൊച്ചിൻ ഷിപ്പ്‌യാർഡ് അടക്കമുള്ള സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഏകജാലക സംവിധാനത്തെ സംബന്ധിച്ച പരാതികൾ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനമായ BHEL-നെ സംരക്ഷിക്കുന്നതിനും കാസർഗോഡ് ജില്ലയിലെ വ്യാവസായിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും കാർഷികോൽപ്പന്നങ്ങളിൽനിന്ന് വ്യാവസായിക ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകാനും വ്യാജ

വെളിച്ചെണ്ണയുടെ ഉത്പാദനം തടയാനും മാലിന്യസംസ്കരണത്തിലൂടെ വൈദ്യുതി ഉത്പാദിപ്പിക്കാനും കഴിയണം. സംരംഭകരെ നേർവഴിയിലേയ്ക്ക് നയിക്കുന്ന ടെക്നോളജി സപ്പോർട്ടിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. കരകൗശല വ്യവസായത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിലും വ്യവസായ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിലും സർക്കാർ വീഴ്ച വരുത്തിയിരിക്കുകയാണ്. ചീമേനി താപനിലയം യാഥാർത്ഥ്യമാക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പ്രസരണ-വിതരണ ശൃംഖലയിലെ ജീവനക്കാർക്ക് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും കാസർഗോഡ് ജില്ലയിൽ ട്രാൻസ്ഫോർമർ മീറ്റർ റിപ്പെയർ യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. രാജഗോപാലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യാവസായിക അഭിവൃദ്ധിയിലേയ്ക്ക് കേരളത്തെ നയിക്കാൻ പര്യാപ്തമായ വികസന പദ്ധതികളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. പൊതുമേഖലാ വ്യവസായശാലകൾ സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കണമെന്ന കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്. വിദ്യാസമ്പന്നർക്ക് അനുയോജ്യമായ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതും ജനങ്ങളുടെ ക്ഷേമം

ഉറപ്പുവരുത്തുന്നതുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന തോടൊപ്പം പുതിയവ സൃഷ്ടിക്കുക എന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. സ്വകാര്യ മൂലധനം ആകർഷിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കണം. പരമ്പരാഗത വ്യവസായ പുനരുദ്ധാരണത്തിന് ശക്തമായ ഇടപെടൽ നടത്തണം. സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകാനുള്ള സർക്കാർ തീരുമാനം കൈത്തറി വ്യവസായത്തെ ശക്തിപ്പെടുത്തുന്നതാണ്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ സാധിച്ചതും സമ്പൂർണ്ണ വൈദ്യുതീകരണം നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞതും ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. വീട്ടുനമ്പരും കൈവശ സർട്ടിഫിക്കറ്റുമില്ലാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയ നടപടി പ്രശംസനീയമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുടങ്ങിക്കിടന്ന പല വൈദ്യുത പദ്ധതികളും പൂർത്തീകരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന തമ്പാനൂർ ബസ് സ്റ്റേഷന്റെ ഇന്നത്തെ അവസ്ഥ ദയനീയമാണ്. സ്ത്രീ പീഡനം,

ക്രിമിനൽ കേസുകൾ, അഴിമതി, ഉദ്യോഗസ്ഥർക്ക് പ്രവർത്തന സ്വാതന്ത്ര്യമില്ലായ്മ, സുപ്രീം കോടതി വിധി മാനിക്കാതിരിക്കൽ, രൂക്ഷമായ കുടിവെള്ള ക്ഷാമം തുടങ്ങിയവയാണ് ഈ ഗവൺമെന്റ് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കയർ, കശുവണ്ടി മേഖല ഇന്ന് സ്തംഭനാവസ്ഥയിലാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ചർച്ചയിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. കേരളത്തിന്റെ വ്യവസായ സംരംഭങ്ങളെ ആധുനികവൽക്കരിച്ച് സുതാര്യവും അഴിമതിരഹിതവുമായി മുന്നോട്ടുകൊണ്ടുപോകാനും പ്രതികൂല കാലാവസ്ഥയിലും സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. മുൻവർഷത്തെ അപേക്ഷിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം പകുതിയായി കുറഞ്ഞിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റ് കഴിയുമ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നഷ്ടത്തിലായ സ്ഥാപനങ്ങളെ ലാഭകരമാക്കാനുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. എൻ.ടി.പി.സി.-യുടെ സംയുക്ത സംരംഭമായ ടെൽക്ക്-നെ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സർക്കാർ

ഏറ്റെടുക്കുന്നത് സംബന്ധിച്ച് ചർച്ചകളിലൂടെ ധാരണയായിട്ടുണ്ട്. BHEL അടച്ചുപൂട്ടാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെത്തുടർന്ന് മുഖ്യമന്ത്രി മുൻകയ്യെടുത്ത് എം.പി.-മാരുമായി ചർച്ച നടത്തി കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. 'ഭെൽ' ഒരു പൊതുമേഖലാ സ്ഥാപനമായിത്തന്നെ തുടരണമെന്നാണ് സർക്കാരിന്റെ സമീപനം. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും വിറ്റഴിക്കാനുമുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനത്തിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചതിന്റെ ഫലമായാണ് കേരളത്തിൽ നേട്ടം കൈവരിക്കാനായത്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന മലബാർ സിമന്റ്സ് ലിമിറ്റഡ് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചതോടൊപ്പം പൊതുവിപണിയിൽ സിമന്റിന്റെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഉത്പാദനം ഇരട്ടിയാക്കി വിപണിയിൽ ശക്തമായ ഇടപെടൽ നടത്തുന്നതിനും ശ്രമിച്ചിട്ടുണ്ട്. കൂടാതെ എൽ.പി.ജി. പ്ലാന്റിനെ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വർദ്ധിച്ചുവരുന്ന ആഭ്യന്തര ഉപയോഗവും കയറ്റുമതി സാധ്യതയും കണക്കിലെടുത്ത് ടൈറ്റാനിയം ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പ്രാദേശിക പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ധാതുമണൽശേഖരം പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എല്ലാ തലങ്ങളിൽ നിന്നുമുള്ള കൂട്ടായ

ശ്രമമുണ്ടാകേണ്ടതാണ്. കഴിഞ്ഞ 12 വർഷമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ടി.സി.സി.-ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിലൂടെ അനുകൂല തീരുമാനത്തിലെത്താൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ഡി.പി.-യെ ലാഭത്തിലാക്കാൻ സാധിച്ചു. സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കെൽട്രോണിനെ ഇലക്ട്രോണിക്സ് ഹാർഡുവെയറുകളുടെ ഉത്പാദനകേന്ദ്രമാക്കി മാറ്റുന്നതിനും തകർച്ചയിലായ ആട്ടോകാസ്റ്റ് ലിമിറ്റഡിനെ സംരക്ഷിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള സിറാമിക്സ് ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവയുടെ സംരക്ഷണത്തിനും സാങ്കേതികവിദ്യ നവീകരണത്തിനും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. വിദഗ്ധ മാനേജ്മെന്റ് സംവിധാനത്തിലൂടെയും മോണിറ്ററിംഗിലൂടെയും അഴിമതി വിമുക്തമായ നടപടികൾ സ്വീകരിച്ചും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രതിസന്ധിയിലായ ടെക്സ്റ്റൈൽ മില്ലുകളെ പുനരുദ്ധരിക്കാനും തുറന്ന് പ്രവർത്തിപ്പിക്കാനും സാധിച്ചു. അഭ്യസ്ത വിദ്യർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. വ്യവസായ നിക്ഷേപം തുടങ്ങാൻ സഹായകരമായ നിലയിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നത്

സംബന്ധിച്ചും ഗ്വാളിയോർ റയോൺസിന്റെ സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിശോധിച്ചുവരികയാണ്. പുതിയ സൗകര്യങ്ങളും നിക്ഷേപവും പ്രയോജനപ്പെടുത്തി ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ ലഭിക്കാൻ കഴിയുന്ന സംരംഭങ്ങൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനായി ഫാക്ടിന്റെ 600 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടിയായിട്ടുണ്ട്. ഇത് സുതാര്യമായും അഴിമതിരഹിതവുമായി നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നിയമതടസ്സങ്ങൾ ഒഴിവാക്കി ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് ഏറ്റെടുക്കുന്നതിനും തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്കിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക്, വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രം, അങ്കമാലി വനിതാ അപ്പാരൽ പാർക്ക് എന്നീ സംരംഭങ്ങൾ ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. കൈത്തറി മേഖലയിൽ ഈ വർഷം 1000 ലൂമുകൾ സ്ഥാപിക്കാനും ചെറുകിട മേഖലയിൽ 17500 പുതിയ സംരംഭങ്ങൾ ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥലം പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ചെറുകിട വ്യവസായികളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഒ.റ്റി.എസ്. തുടരാനും പരാതി പരിഹാരത്തിനായി

അദാലത്തുകൾ സംഘടിപ്പിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കരകൗശല മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണ്. കെൽപാമിന്റെ പ്രവർത്തനം പുതിയ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ക്ലസ്റ്ററുകളിലൂടെ കരകൗശല രംഗത്തുള്ള ശിൽപ്പികളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതിയുടെ സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാനുള്ള താൽപ്പര്യപത്രം ക്ഷണിക്കുകയും പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിന്റെ സഹായം ആവശ്യപ്പെടുകയും ചെയ്യുന്നതാണ്. കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് മണ്ണ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതാണ്. കേന്ദ്ര സഹായം ലഭിക്കുകയാണെങ്കിൽ സെറികൾച്ചർ വ്യവസായം പുന:സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അഴിമതിരഹിത നിലപാട് സ്വീകരിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും

വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കശുവണ്ടി വ്യവസായം നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളെക്കുറിച്ച് പ്രതിപക്ഷത്തുനിന്ന് ആരും പരാമർശിക്കാത്തത് ഖേദകരമാണ്. തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് ഈ വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് സ്ഥലം ലീസിനെടുത്ത് തോട്ടണ്ടി കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ കേരളത്തിലെ പ്ലാന്റേഷനിൽ കൃഷി ചെയ്യാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഭൂമിയിൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾക്കുപകരം കശുമാവ് നട്ടുപിടിപ്പിച്ചാൽ ഈ വ്യവസായം സംരക്ഷിക്കാൻ സാധിക്കും. പ്ലാന്റേഴ്സുമായി ചർച്ച ചെയ്ത് പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. വിദേശത്തുനിന്ന് തോട്ടണ്ടി വാങ്ങാൻ കഴിഞ്ഞാൽ മാത്രമേ കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് മന്ത്രിമാർ, ബാങ്ക് പ്രതിനിധികൾ, ചെറുകിട വ്യവസായികൾ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എസ്.പി.വി. രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കാലതാമസം കൂടാതെ കേരളാ കാഷ്യൂ ബോർഡ് രൂപീകരിച്ചുകൊണ്ട് തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കാനും മാർക്കറ്റിംഗിൽ ഇടപെടാനും കഴിയുന്ന തരത്തിലുള്ള സംവിധാനമുണ്ടാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു യൂണിറ്റെന്ന നിലയിൽ കുടുംബശ്രീയുടെ 1000 യൂണിറ്റുകൾ ആരംഭിച്ച് മൊത്തം തൊണ്ടിന്റെ മൂന്നിലൊരുഭാഗം ചകിരിയാക്കി മാറ്റി ഉത്പാദനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കുന്ന കയർ പൂർണ്ണമായും കയർഫെഡ് മുഖേന സംഭരിക്കുന്നതുമാണ്. ഇതിനായി എൻ.സി.ഡി.സി. മുമ്പാകെ 100 കോടി രൂപയുടെ പ്രോജക്ട് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംഭരിക്കുന്ന കയർ ജിയോ ടെക്സ്റ്റൈൽസായി കൺവെർട്ട് ചെയ്ത് ഉപയോഗപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. ആഭ്യന്തര കച്ചവടക്കാർക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഒക്ടോബർ മാസം വിപുലമായ രീതിയിൽ കയർ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനും ഉത്പാദനം ഗണ്യമായി ഉയർത്തുന്നതിനും തൊഴിലാളികൾക്ക് 150 ദിവസമെങ്കിലും ജോലി ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട്

യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭ ബഹിഷ്കരിച്ചു.)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : ചർച്ചയിൽ അംഗങ്ങൾ മുന്നോട്ടുവച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുമെന്ന് ഉറപ്പുനൽകുന്നു. സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി 1,49,000 വീടുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. മഴയുടെ ദൗർലഭ്യം കാരണം രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലും ഫലപ്രദമായ ഇടപെടലിലൂടെ പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. നിർമ്മാണം മുടങ്ങിക്കിടക്കുന്ന പള്ളിവാസൽ പദ്ധതിയടക്കമുള്ളവയുടെ പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്ന പെരുന്തേനരുവി പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. സോളാർ എനർജി ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് സോളാർ പാർക്കിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. സോളാർ പദ്ധതി പ്രവർത്തനങ്ങൾക്കായി രാമക്കൽമേട്ടിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കായംകുളം എൻ.ടി.പി.സി. സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണമെന്ന കേന്ദ്ര നിർദ്ദേശത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. കൂടംകുളത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിന് ലൈൻ വലിക്കുന്നതുമായി

ബന്ധപ്പെട്ട തടസ്സം ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്നിരുന്ന പരപ്പനങ്ങാടി, എരുമേലി സബ്സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കാനും തിരുവനന്തപുരം നഗരത്തിൽ വൈദ്യുതി തടസ്സം കൂടാതെ എത്തിക്കുന്നതിനുള്ള പോത്തൻകോട്-കാട്ടാക്കട ലൈനിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസരണശേഷി വർദ്ധിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള ട്രാൻസ്ഗ്രിഡ് II പദ്ധതിക്കായി കിഫ്ബിയിൽനിന്നും അയ്യായിരത്തി ഇരുന്നൂറ് കോടി രൂപയും കേന്ദ്ര സഹായമായി എഴുന്നൂറ് കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്തുണ്ടായ വൈദ്യുതി ബോർഡിന്റെ കടബാധ്യത കുറച്ചുകൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബോർഡിന്റെ കടബാധ്യത പരിഗണിച്ചാണ് റെഗുലേറ്ററി കമ്മീഷൻ ചെറിയ തോതിലുള്ള താരിഫ് വർദ്ധന ഏർപ്പെടുത്തിയത്. നിരക്കുവർദ്ധനയിൽനിന്നും താഴെത്തട്ടിലുള്ള ജനവിഭാഗത്തെ ഒഴിവാക്കിയിട്ടുണ്ട്. ഉപഭോക്തൃസേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി വിതരണ മേഖലയിൽ നിരവധി പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാരിന് സാധിച്ചു. വോൾട്ടേജ് ക്ഷാമം, വൈദ്യുതി തടസ്സം എന്നിവ പരിഹരിക്കുന്നതിനും വിതരണശൃംഖല ആധുനികവൽക്കരിക്കുന്നതിനും ഊർജ്ജ സംരക്ഷണ ക്യാമ്പയിൻ വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. തെരുവുവിളക്കുകൾ എൽ.ഇ.ഡി.-

യാക്കി മാറ്റുന്നതിനും അനെർട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കും. വൈദ്യുതി അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് വിപുലമായ ക്യാമ്പെയിൻ നടത്തുന്നതിനും ഹൈഡൽ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബോർഡ് മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും 3-നെതിരെ 78 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.43 -ന് പിരിഞ്ഞു.

****